സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

കേരള ഭാഗ്യക്കുറി ടിക്കറ്റ് നിരക്കിൽ ഇന്നു മുതൽ വർധന

തൃശൂർ : കേരള ഭാഗ്യക്കുറി ടിക്കറ്റ് നിരക്കിൽ ഇന്നു മുതൽ വർധന. പ്രതിദിന നറുക്കെടുപ്പുകളിലെ ഒന്നാം സമ്മാനം ഒരു കോടി രൂപയായും ഉയർത്തിയിട്ടുണ്ട്. നിലവിൽ ഏറ്റവും കുറഞ്ഞ സമ്മാനത്തുക 100 രൂപയായിരുന്നു. പരിഷ്കരിച്ച ടിക്കറ്റുകളിൽ 50 രൂപയും സമ്മാനമായി ലഭിക്കും എന്നതാണ് മറ്റൊരു സവിശേഷത.സുവർണ കേരളം എന്ന പേരിലുള്ള ടിക്കറ്റാണ് ഇന്നു മുതൽ വിപണിയിൽ ലഭ്യമാകുക. ഈ ടിക്കറ്റുകൾ എല്ലാ ജില്ലാ ലോട്ടറി ഓഫീസുകളിലും കഴിഞ്ഞ ദിവസം എത്തിക്കഴിഞ്ഞു. ഇന്നു രാവിലെ മുതൽ ടിക്കറ്റുകളുടെ വിതരണം ആരംഭിച്ചു.പരിഷ്കരിച്ച ടിക്കറ്റുകളിൽ ഏഴുലക്ഷം ടിക്കറ്റുകൾ ചെറുകിട ഏജൻറുമാർക്കായി മാറ്റി വച്ചിട്ടുണ്ട്. ഇതിന് ആനുപാതികമായി വൻകിട ഏജൻറുമാർക്ക് നൽകുന്ന എണ്ണത്തിൽ കുറവും വരുത്തിയിട്ടുണ്ട്.

www.swathanthramandapam.com വാല്യം: 60 ലക്കം: 42 2025 ഏപ്രിൽ 25 വെള്ളി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

രാമചന്ദ്രന് ഔദ്യോഗിക ബഹുമതികളോടെ വിട

കണ്ണീരിനിടയിലും മുഴങ്ങിയത് ഭീകരതക്കെതിരായ മുദ്രാവാക്യങ്ങൾ

കൊച്ചി: കശ്മീരിലെ പഹൽഗാം ഭീകരാക്രമണത്തിൽ വെടിയേറ്റുമരിച്ച കൊച്ചി ഇടപ്പള്ളി സ്വദേശി എൻ. രാമചന്ദ്രന് കണ്ണീരോടെ യാത്രാമൊഴി. പൊതുദർശനത്തിനു ശേഷം മൃതദേഹം ഇടപ്പള്ളി പൊതു ശ്മശാനത്തിൽ എത്തിച്ചു. പൂർണ ഔദ്യോഗിക ബഹുമതികളോടെയാണ് സംസ്കാരം. സംസ്കാരച്ചടങ്ങിന് ശേഷം മുഖ്യമന്ത്രി രാമചന്ദ്രന്റെ വീട് സന്ദർശിച്ചു.

വികാരനിർഭരമായ രംഗങ്ങൾക്കിടെ രാമചന്ദ്രന്റെമൃതദേഹം വീട്ടിൽനിന്ന് പുറത്തേക്കെടുത്തപ്പോൾ വർഗീയതയ്ക്കും ഭീകരതയ്ക്കും എതിരായ മുദ്രാവാക്യം വിളികൾ ഉയർന്നു. കുടുംബാംഗങ്ങൾ അടക്കം ആ മുദ്രാവാക്യം ഏറ്റുവിളിച്ചു. ഭാരത് മാതാ കീ ജയ് വിളികളും ഉയർന്നു.

രാവിലെ ഏഴുമണിമുതൽ ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിൽ നടന്ന പൊതുദർശനത്തിൽ വിവിധ മേഖലകളിൽനിന്നുള്ള പ്രമുഖരടക്കം ആയിരങ്ങൾ അന്തിമോപചാരം അർപ്പിച്ചു. പിന്നീട് പത്തരയോടെ മങ്ങാട്ടു റോഡിലെ വസതിയിലെത്തിച്ച മൃതദേഹം കാണാൻ നിരവധി പേർ ഒഴുകിയെത്തി. ശ്മശാനത്തിലേയ്ക്കുള്ള യാത്രയ്ക്കിടയിലും വഴിയരികിൽ നൂറുകണക്കിനുപേർ രാമചന്ദ്രന് വിട നൽകാൻ കാത്തുനിന്നു.

കേന്ദ്രമന്ത്രി സുരേഷ് ഗോപി, ഗവർണർ രാജേന്ദ്ര അർലേക്കർ, മന്ത്രിമാരായ പി. രാജീവ്, എ.കെ. ശശീന്ദ്രൻ, പ്രതിപക്ഷനേതാവ് വി.ഡി. സതീശൻ, ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ള, ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, കൊച്ചി മേയർ എം. അനിൽകുമാർ, എറണാകുളം കളക്ടർ എൻ.എസ്.കെ. ഉമേഷ്, നടൻ ജയസൂര്യ ഉൾപ്പെടെ നിരവധി പേർ അന്തിമോപചാരമർപ്പിച്ചു.

കശ്മീരിൽ വിനോദയാത്രയ്ക്കു പോയ എൻ. രാമചന്ദ്രൻ, ചൊവ്വാഴ്ചയാണ് മകളുടെയും കൊച്ചുമക്കളുടെയും മുന്നിൽവെച്ച് ഭീകരരുടെ വെടിയേറ്റു മരിച്ചത്. ആക്രമണത്തിൽ രാമചന്ദ്രൻ അടക്കം 29 പേരാണ് കൊല്ലപ്പെട്ടത്.

അരീക്കോട്ട് പത്താംക്ലാസുകാരനെ ക്രൂരമായി മർദിച്ച് സഹപാഠികൾ; കണ്ണ് അടിച്ചുപൊളിച്ചെന്ന് ശബ്ദസന്ദേശം

മലപ്പുറം: അരീക്കോട്ട് പത്താംക്ലാസ് വിദ്യാർഥിയെ ക്രൂരമായി മർദിച്ച് സഹപാഠിയും മറ്റുവിദ്യാർഥികളും. മൂർക്കനാട് ഹയർസെക്കൻഡറി സ്കൂൾ വിദ്യാർഥിയായ മുബീനെയാണ് വിദ്യാർഥികൾ സംഘം ചേർന്ന് ആക്രമിച്ചത്. പരിക്കേറ്റ മുബീൻ അരീക്കോട് താലൂക്ക് ആശുപത്രിയിൽ ചികിത്സയിലാണ്.

സ്പോർട്സ് ക്യാമ്പ് കഴിഞ്ഞ് മടങ്ങുന്നതിനിടെ മുബീനെ സഹപാഠിയും ഇയാളുടെ സുഹൃത്തുക്കളായ വിദ്യാർഥികളും ചേർന്ന് കൂട്ടിക്കൊണ്ടുപോയെന്നും തുടർന്ന് കല്ലുകൊണ്ട് തലയിൽ കുത്തിയെന്നും മർദിച്ചെന്നുമാണ് പരാതി.

ആറുമാസം മുമ്പ് സ്കൂളിൽ വെച്ച് മുബീനും സഹപാഠികളും തമ്മിൽ തർക്കമുണ്ടായിരുന്നതായും അധ്യാപകർ ഇടപെട്ട് ഈ പ്രശ്നം പരിഹരിച്ചിരുന്നതായുമാണ് മുബീന്റെ ബന്ധുക്കൾ പറയുന്നത്. അന്ന് പകരം ചോദിക്കുമെന്ന് സഹപാഠി വെല്ലുവിളിച്ചിരുന്നതായും ഇയാളും മറ്റ് ആറുവിദ്യാർഥികളും ചേർന്നാണ് അക്രമം നടത്തിയതെന്നും മുബീന്റെ ബന്ധുക്കൾ ആരോപിച്ചു.

അതിനിടെ, സംഭവത്തിന് ശേഷം മർദിച്ചവരിലൊരാൾ മുബീന്റെ കണ്ണ് അടിച്ചുപൊളിച്ചതായി സുഹൃത്തിനോട് പറയുന്ന ശബ്ദസന്ദേശങ്ങളും പുറത്തുവന്നിട്ടുണ്ട്. സംഭവത്തിൽ മുബീന്റെ ബന്ധുക്കൾ അരീക്കോട് പോലീസിൽ പരാതിനൽകി.

കശ്മീരിൽ ലഷ്കർ കമാൻഡറെ വധിച്ച് സൈന്യം; ബന്ദിപോര മേഖലയിൽ കനത്ത ഏറ്റുമുട്ടൽ

ശ്രീനഗർ: ജമ്മു കശ്മീരിൽ ഭീകരസംഘടനയായ ലഷ്കറെ തൊയ്ബയുടെ കമാൻഡറെ സൈന്യം ഏറ്റുമുട്ടലിൽ വധിച്ചു. ലഷ്കറിന്റെ മുതിർന്ന കമാൻഡറായ അൽത്താഫ് ലല്ലിയാണ് ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടത്. കശ്മീരിലെ ബന്ദിപോരയിലാണ് ഭീകരരും സൈന്യവും തമ്മിൽ ഏറ്റുമുട്ടലുണ്ടായത്. മേഖലയിൽ ഇപ്പോഴും ഏറ്റുമുട്ടൽ തുടരുകയാണെന്നാണ് റിപ്പോർട്ട്.

പഹൽഗാം ഭീകരാക്രമണത്തിൽ പങ്കാളികളായ ഭീകരരെ കണ്ടെത്താനുള്ള ശ്രമങ്ങൾക്കിടെയാണ് ബന്ദിപോരയിലെ കുൽനാർ ബസിപോര മേഖലയിൽ ഭീകരരുടെ സാന്നിധ്യമുണ്ടെന്ന് കണ്ടെത്തിയത്. തുടർന്ന് സൈന്യം ഇവിടം വളയുകയായിരുന്നു.

അതിനിടെ, പഹൽഗാം ആക്രമണത്തിൽ പങ്കെടുത്ത കശ്മീരികളായ രണ്ട് ലഷ്കർ ഭീകരരുടെ വീടുകൾ പ്രാദേശിക ഭരണകൂടം തകർത്തു. ആക്രമണത്തിൽ പങ്കെടുത്ത ആസിഫ് ഷെയ്ഖ്, ആദിൽ ഹുസൈൻ എന്നിവരുടെ വീടുകളാണ് തകർത്തത്. പഹൽഗാം ആക്രമണത്തിന് പിന്നാലെ ഇവരുടെ കുടുംബങ്ങൾ വീടൊഴിഞ്ഞ് പോയിരുന്നു. പഹൽഗാം ആക്രമണത്തിൽ പങ്കെടുത്ത തദ്ദേശീയരായ ഭീകരർക്കെതിരേ പ്രദേശവാസികളിൽനിന്ന് കടുത്ത എതിർപ്പുകളുയർന്നിരുന്നു. ഇതിനുപിന്നാലെയാണ് ഇവരുടെ വീടുകൾ തകർത്തത്.

വെള്ളിയാഴ്ച നിയന്ത്രണരേഖയിൽ വീണ്ടും പാക് പ്രകോപനമുണ്ടായിരുന്നു. രാവിലെ നിയന്ത്രണരേഖയ്ക്ക് സമീപമാണ് പാകിസ്താന്റെ ഭാഗത്തുനിന്ന് വെടിവെപ്പുണ്ടായത്. പിന്നാലെ ഇന്ത്യൻ സൈന്യം തിരിച്ചടിച്ചു. മേഖലയിൽ വെടിവെപ്പ് തുടരുകയാണെന്നാണ് റിപ്പോർട്ട്.

കഴിഞ്ഞദിവസം കശ്മീരിലെ ഉധംപുരിൽ ഭീകരരുമായുള്ള ഏറ്റുമുട്ടലിനിടെ ഒരു സൈനികൻ വീരമൃത്യു വരിച്ചിരുന്നു. പ്രത്യേക സേനയിലെ ഹവിൽദാർ ജാന്തു അലി ഷെയ്ഖാണ് വീരമൃത്യു വരിച്ചത്. പ്രദേശത്ത് ഭീകരസാന്നിധ്യമുണ്ടെന്ന് വിവരം ലഭിച്ചതിനെത്തുടർന്ന് സൈന്യവും ജമ്മു-കശ്മീർ പോലീസും സംയുക്തമായി നടത്തിയ തിരച്ചിലിനിടെയായിരുന്നു ആക്രമണം. 24 മണിക്കൂറിനുള്ളിൽ ജമ്മുവിൽ ഭീകരരും സുരക്ഷാസേനയും തമ്മിലുണ്ടായ മൂന്നാമത്തെ ഏറ്റുമുട്ടലായിരുന്നു ഇത്.

പഹൽഗാമിൽ ചൊവ്വാഴ്ച വിനോദസഞ്ചാരികൾക്കുനേരെയുണ്ടായ ഭീകരാക്രമണത്തിൽ 26 പേർ കൊല്ലപ്പെട്ട സംഭവത്തോടെയാണ് ഇന്ത്യ-പാക് ബന്ധം വഷളായത്. സംഭവത്തോടുള്ള പ്രതികരണമായി ഇന്ത്യ, സിന്ധു നദീജല കരാർ മരവിപ്പിക്കുകയും നയതന്ത്രപ്രതിനിധികളെ തിരിച്ചുവിളിക്കുകയും ചെയ്തിരുന്നു. തുടർന്ന് പാകിസ്താൻ 1972-ലെ ഷിംല കരാർ മരവിപ്പിക്കുന്നതായി പ്രഖ്യാപിച്ചു. ഇന്ത്യയിൽനിന്നുള്ള വിമാനങ്ങൾക്ക് പ്രവേശനാനുമതി നിഷേധിച്ചുകൊണ്ട് പാക് വ്യോമമേഖല അടയ്ക്കുകയും ഇന്ത്യയുമായുള്ള വ്യാപാരബന്ധം അവസാനിപ്പിക്കുകയും ചെയ്തു. ഇരു രാജ്യങ്ങളും സൈനികാഭ്യാസങ്ങൾ നടത്തുകയും ചെയ്തിരുന്നു.

ഇതിനിടെ, അബദ്ധത്തിൽ നിയന്ത്രണരേഖ മറികടന്ന അതിർത്തിരക്ഷാസേനയിലെ (ബിഎസ്എഫ്) ജവാൻ പാകിസ്താൻ കസ്റ്റഡിയിലാവുകയും ചെയ്തിട്ടുണ്ട്. പഞ്ചാബിലെ ഫിറോസ്പുർ അതിർത്തിക്കു സമീപത്തുനിന്നാണ് ഇയാളെ പാകിസ്താൻ കസ്റ്റഡിയിലെടുത്തത്. ഇദ്ദേഹത്തിന്റെ മോചനത്തിനായി ഇരുസേനകളും തമ്മിൽ ചർച്ചതുടരുകയാണ്.

മോഡൽ പരീക്ഷയിൽ മിനിമം മാർക്കില്ലെങ്കിൽ ഇനി എസ്എസ്എൽസി പരീക്ഷ എഴുതാനാവില്ല

തൃശൂർ : മോഡൽ പരിക്ഷയിൽ മിനിമം മാർക്ക് നേടാത്തവർക്ക് എസ്.എസ്.എൽ.സി പരീക്ഷ എഴുതാനാവില്ല.പൊതുവിദ്യാലയങ്ങളിലെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയുടെ ഭാഗമായാണിത്. 2026-27 അധ്യയന വർഷം മുതലാണ് ഇത് നടപ്പാക്കുക.

മോഡൽ പരീക്ഷയിൽ ഓരോ വിഷയത്തിനും 30 ശതമാനം മാർക്ക് നേടാത്തവർക്ക് എസ്. എസ് എൽ.സി വാർഷിക പരീക്ഷ എഴുതാനാവില്ല. വിഷയങ്ങൾക്ക് മിനിമം മാർക്ക് നേടാത്തവർക്ക് പ്രത്യേക പിന്തുണാക്ലാസുകൾ നൽകണം. തുടർന്ന് നടക്കുന്ന സപ്ലിമെന്ററി പരീക്ഷയിൽ മിനിമം മാർക്ക് നേടേണ്ടതുണ്ട്.

നിലവിൽ വിദ്യാർഥികൾ മോഡൽ പരീക്ഷയെ ലാഘവത്തോടെയാണ് സമീപിക്കാറുള്ളത്. പുതിയ രീതിയനുസരിച്ച് നേരത്തെ തന്നെ തയാറെടുപ്പുകൾ നടത്താൻ വിദ്യാർഥികളും അധ്യാപകരും നിർബന്ധിതരാകും.

നിലവിൽ പത്താം ക്ലാസിലെ വിഷയങ്ങൾ ഡിസംബർ മാസത്തോടെ പൂർത്തിയാക്കി മോഡൽ പരീക്ഷ വരെ വിവിധ പ്രീ മോഡൽ - സീരീസ് പരീക്ഷകൾ നടത്തുന്ന പതിവാണ് സ്കൂളുകളിൽ ഉള്ളത്. മിനിമം മാർക്ക് പരിക്ഷക്ക് നിർബന്ധമാകുമ്പോൾ ഈ ഷെഡ്യൂൾ കുറച്ചുകൂടി നേരത്തെയാക്കേണ്ടി വരുമെന്നാണ് അധ്യാപകർ പറയുന്നത്. വാർഷിക പരീക്ഷയ്ക്ക് മുമ്പ് പിന്തുണ ആവശ്യം വരുന്ന കുട്ടികളെ പ്രാപ്തരാക്കുന്നതിന് ക്ലാസുകളും പരീക്ഷയും ഇതിനിടയിൽ ആവശ്യമായി വരുന്നത് കൊണ്ടാണിത്.

മോഡൽ പരീക്ഷയുടെ മാതൃകയിൽ എസ്.എസ്.എൽ.സി വാർഷിക പരീക്ഷയിലും മിനിമം മാർക്ക് നടപ്പാക്കും. നിലവിൽ നിരന്തര മൂല്യനിർണയത്തിന്റെ മാർക്ക് കൂടി ചേർത്താണ് മിക്ക കുട്ടികളും മിനിമം മാർക്ക് നേടുന്നത്. അതിനാൽ വിജയശതമാനം വർധിക്കുമെന്നല്ലാതെ ഗുണനിലവാരം ഉയരുന്നില്ല എന്ന കണ്ടെത്താലാണ് പുതിയ നീക്കത്തിന് കാരണം.

ഈ വർഷം എട്ടാം ക്ലാസിൽ മിനിമം മാർക്ക് പദ്ധതി വിജയകരമായി പൂർത്തിയാവുകയാണ്. 26,27 തിയതികളിൽ പിന്തുണാ ക്ലാസ് ലഭിച്ച കുട്ടികൾക്ക് പരീക്ഷ നടക്കും. അതിൽ മിനിമം മാർക്ക് നേടിയവർക്കാണ് അടുത്ത ക്ലാസിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നത്. അടുത്ത അധ്യയന വർഷം മുതൽ ഈ പദ്ധതി അഞ്ച് മുതൽ ഒമ്പത് വരെയുള്ള ക്ലാസുകളിലും നടപ്പാക്കും.

വന്ദേമാതരം പാകിസ്താൻ സിന്ദാബാദാക്കി; ഇന്ത്യയുടെ പാട്ട് പാകിസ്താൻ അടിച്ചുമാറ്റിയതെങ്ങനെ?

കറാച്ചി: പാട്ടിന്റെ പല്ലവിയിൽ നിന്ന് ഹിന്ദുസ്ഥാനെ നിർദയം പടിയിറക്കിവിട്ടു ആദ്യം. പകരം പാകിസ്താനെ കുടിയിരുത്തി അവിടെ. പിന്നെ വന്ദേമാതരത്തിന്റെ സ്ഥാനത്ത് പാകിസ്താൻ സിന്ദാബാദ് എന്ന് എഴുതിച്ചേർത്തു. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ പുതുതലമുറയുടെ ആത്മാഭിമാനമുണർത്താൻ വേണ്ടി കവി പ്രദീപും ഹേമന്ത് കുമാറും ചേർന്ന് ആറു പതിറ്റാണ്ടിലേറെക്കാലം മുൻപ് സൃഷ്ടിച്ച ഗാനം അങ്ങനെ ഞൊടിയിടയിൽ പാകിസ്താന്റെ ദേശഭക്തി ഗാനമായി വേഷം മാറുന്നു. 'അന്താരാഷ്ട്ര' തലത്തിലുള്ള ഒരു മോഷണക്കഥ.

വിചിത്രമായി തോന്നിയ ആ കഥ ആദ്യം പങ്കുവെച്ചത് ദോഹയിൽ വെച്ച് പരിചയപ്പെട്ട റഷീദ് എന്ന പാകിസ്താനി മാധ്യമപ്രവർത്തകൻ. മറ്റേതെങ്കിലും പാട്ട് ഓർമ്മവരുന്നെങ്കിൽ പറയണം എന്ന ആമുഖത്തോടെ 'ബേദാതി' എന്ന പാക് സിനിമയിലെ ഉർദു ഗാനം കേൾപ്പിച്ചുതന്നത് റഷീദാണ്. 'ആവോ ബഛോ സൈർ കരായേ തുംകോ പാകിസ്താൻ കി /ജിസ്കി ഖാതിർ ഹംനേ ദീ കുർബാനി ലാഖൂ ജാൻ കി പാകിസ്താൻ സിന്ദാബാദ്...' എന്ന പല്ലവി കേട്ടപ്പോഴേ മനസ്സ് മന്ത്രിച്ചു: മുൻപ് എവിടെയോ കേട്ടിട്ടുണ്ടല്ലോ ഈ ഈണം. അധികം തലപുകയ്ക്കേണ്ടി വന്നില്ല. എല്ലാ സ്വാതന്ത്ര്യ ദിനത്തിനും പതിവായി ആകാശവാണി പ്രക്ഷേപണം ചെയ്യാറുള്ള ദേശഭക്തിഗാനമാണ് - 'ജാഗ്രിതി' (1954)എന്ന ഹിന്ദി സിനിമയ്ക്കുവേണ്ടി ഹേമന്ദിന്റെ ഈണത്തിൽ കവി പ്രദീപ് രചിച്ച് അദ്ദേഹം തന്നെ പാടിയ പാട്ട്: 'ആവോ ബഛോ തുമേ ദിഖായേ ജാംകി ഹിന്ദുസ്ഥാൻ കി/ഇസ് മിട്ടി സേ തിലക് കരോയെ ധർത്തി ഹേ ബലിദാൻ കി, വന്ദേമാതരം...' ഇന്ത്യയുടെ മഹത്തായ പൈതൃകത്തെ കുറിച്ചുള്ള കഥകൾ കുറെ കുട്ടികളുമായി പങ്കുവെച്ചുകൊണ്ട് സിനിമയിലെ അധ്യാപക കഥാപാത്രം പാടുന്ന പാട്ട്. പക്ഷേ, ആവേശോജ്വലമായ ആ ദേശഭക്തിഗാനത്തിൽ എങ്ങനെ പാകിസ്താൻ കയറിവന്നു?

ഒറിജിനൽ ഹിന്ദി പാട്ടിന്റെ വരികൾ പാടിക്കൊടുത്തപ്പോൾ പൊട്ടിച്ചിരിച്ചു റഷീദ്: 'അത് നിങ്ങളുടെ ആവോ ബഛോ. ഇത് ഞങ്ങളുടെ ആവോ ബഛോ... പക്ഷേ, ഒരു സത്യം പറയാതിരിക്കാൻ വയ്യ. ദേശഭക്തി ഗാനമാണെങ്കിൽ പോലും പാകിസ്താനിൽ നിരോധിക്കപ്പെട്ട പാട്ടാണിത്. ഞങ്ങളുടെ നാട്ടിൽ ഈ പാട്ട് റേഡിയോയിൽ പ്രക്ഷേപണം ചെയ്യുന്നത് പോലും കുറ്റകരമാണ്." ഒരു കാര്യം കൂടി പറഞ്ഞു റഷീദ്: 'ഈ പാട്ടിനെ കുറിച്ച് പാകിസ്താനിൽ പലരും പല കഥകളും പറഞ്ഞുകേട്ടിട്ടുണ്ട്. പലതും വിശ്വസനീയമല്ല. സത്യാവസ്ഥ നിങ്ങൾക്ക് നാട്ടിൽ ചെന്ന് അന്വേഷിക്കാവുന്നതേയുള്ളൂ'. അത്ഭുതം തോന്നി. ഇന്ത്യ - പാക് വിഭജനത്തിന് പിന്നാലെ, അതുവരെ ഹിന്ദി സിനിമയിൽ തിളങ്ങി നിന്ന വിശ്രുത ഗായിക നൂർജഹാനും സംഗീത സംവിധായകൻ ഫിറോസ് നിസാമിയും ഉൾപ്പെടെ പല പ്രമുഖരും പാകിസ്താനിൽ ചേക്കേറിയതായി അറിയാം. പക്ഷേ, പോകുന്ന പോക്കിൽ അവരാരും ഇന്ത്യൻ പാട്ടുകൾ അടിച്ചുമാറ്റി കൊണ്ടുപോയതായി കേട്ടിട്ടില്ല.

വിപണിയിൽ കനത്ത ഇടിവ്: ജാഗ്രതയോടെ നിക്ഷേപകർ

മുംബൈ: കശ്മീരിലെ ഭീകരണ ആക്രമണത്തെ തുടർന്ന് ജാഗ്രത പാലിച്ച് നിക്ഷേപകർ. വ്യാപാരം ആരംഭിച്ചതിന് പിന്നാലെ സൂചികകളിൽ കനത്ത ഇടിവ് പ്രകടമായി. സെൻസെക്സിന് 80,000 നിലവാരം നഷ്ടമായി. 858 പോയന്റ് ഇടിഞ്ഞ് 78,960ലെത്തി. നിഫ്റ്റിയാകട്ടെ 277 പോയന്റ് നഷ്ടത്തിൽ 23,969ലുമാണ് വ്യാപാരം നടക്കുന്നത്.

ഇന്ന് രാവിലത്തെ വ്യാപാരത്തിൽ 8.5 ലക്ഷം കോടി രൂപയാണ് നിക്ഷേപകർക്ക് നഷ്ടം. ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ മൊത്തം വിപണി മൂല്യം 421.13 ലക്ഷം കോടി രൂപയായി.

കശ്മീരിൽ വിനോദ സഞ്ചാരികൾക്ക് നേരെയുണ്ടായ ഭീകരാക്രമണം ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ വർധിപ്പിച്ചേക്കുമെന്ന ഭീതിയാണ് വിപണിയെ പിടികൂടിയത്. ഐടി, ഓട്ടോ എന്നിവ ഒഴികെയുള്ള സെക്ടറുകൾ നഷ്ടത്തിലായി. നിഫ്റ്റി ബാങ്ക്, ഹെൽത്ത് കെയർ, ഫാർമ, എഫ്എംസിജി എന്നിവ ഒരു ശതമാനംവരെ ഇടിവ് നേരിട്ടു.

ചൈനയുമായുള്ള വ്യാപാര ചർച്ചകൾ പുരോഗമിക്കുകയാണെന്ന് ട്രംപ് വ്യക്തമാക്കിയതോടെ വാൾസ്ട്രീറ്റ് മികച്ച നേട്ടമുണ്ടാക്കി. ചൈനയോടുള്ള വൈറ്റ് ഹൗസിന്റെ നിലപാടിലെ പ്രകടമായ മാറ്റം ഏഷ്യൻ വിപണികളും നേട്ടമാക്കി. ഡോളർ സൂചികയിലും മുന്നേറ്റമുണ്ടായി.

തുടർച്ചയായി ഏഴാമത്തെ ദിവസവും വിദേശ നിക്ഷേപകർ രാജ്യത്തെ വിപണിയിൽ അറ്റവാങ്ങലുകാരായി. ഈ കാലയളവിൽ 8,251 കോടി രൂപയുടെ നിക്ഷേപമാണെത്തിയത്.

ഒപെക് ഉത്പാദനം കൂട്ടാനുള്ള സാധ്യതയും റഷ്യ-യുക്രെയിൻ വെടിനിർത്തലും അസംസ്കൃത എണ്ണവിലയെ ബാധിച്ചു. ബ്രെന്റ് ക്രൂഡ് വില ബാരലിന് 66.60 ഡോളറിലെത്തി. രാവിലത്തെ വ്യാപാരത്തിൽ രൂപയുടെ മൂല്യത്തിൽ നേരിയ മുന്നേറ്റം പ്രകടമായി. ഡോളറിനെതിരെ മൂല്യം 85.15 നിലവാരത്തിലെത്തുകയും ചെയ്തു.

സിന്ധു നദീജല കരാർ റദ്ദാക്കിയ നടപടി: ഇത്രയും വെള്ളം നമ്മൾ എവിടെ സംഭരിക്കും? ചോദ്യങ്ങളുമായി ഒവൈസി

ന്യൂഡൽഹി: സിന്ധു നദീജല കരാറിൽ നിന്ന് പിന്മാറിയ ഇന്ത്യ ഇത്രയും ജലം എവിടെ സംഭരിക്കുമെന്ന ചോദ്യവുമായി ഓൾ ഇന്ത്യ മജ്‌ലിസ്-ഇ-ഇത്തിഹാദുൽ മുസ്‌ലിമീൻ (എ ഐ എം ഐ എം) നേതാവ് അസദുദ്ദീൻ ഒവൈസി. കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ എന്തുതീരുമാനമെടുത്താലും തങ്ങൾ അതിനെ പിന്തുണക്കുമെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ കേന്ദ്രസർക്കാർ വിളിച്ചുചേർത്ത സർവകക്ഷിയോഗത്തിൽ പങ്കെടുത്ത ശേഷം മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കവെയാണ് അസദുദ്ദീൻ തന്റെ ആശങ്ക പങ്കുവച്ചത്. പഹൽഗാം ആക്രമണത്തോട് ശക്തമായി പ്രതികരിക്കാൻ അന്താരാഷ്ട്ര നിയമം ഇന്ത്യക്ക് അവകാശം നൽകിയിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

'സിന്ധു നദീജല കരാർ താൽക്കാലികമായി നിറുത്തിവച്ചത് വളരെ നല്ല കാര്യമാണ്. ഇതൊരു രാഷ്ട്രീയ പ്രശ്നമല്ല. കേന്ദ്രസർക്കാർ എന്തുതീരുമാനമെടുത്താലും ഞങ്ങൾ അതിനെ പിന്തുണക്കും. ഭീകര ഗ്രൂപ്പുകൾക്ക് അഭയം നൽകുന്ന രാഷ്ട്രത്തിനെതിരെ കേന്ദ്രസർക്കാരിന് നടപടിയെടുക്കാം. പാകിസ്ഥാനെതിരെ സ്വയരക്ഷക്കായി വ്യോമ, നാവിക ഉപരോധം ഏർപ്പെടുത്താനും അവർക്ക് ആയുധം നൽകുന്നത് നിറുത്തലാക്കാനും അന്താരാഷ്ട്രാ നിയമം നമ്മെ അനുവദിക്കുന്നുണ്ട്'- ഒവൈസി പറഞ്ഞു. സഞ്ചാരികളെ മതം ചോദിച്ച് വെടിവച്ച് കൊലപ്പെടുത്തിയതിലൂടെ ആഴത്തിലുള്ള വർഗീയതാണ് തീവ്രവാദികൾ ലക്ഷ്യം വച്ചതെന്നും അദ്ദേഹം വ്യക്തമാക്കി.

പഹൽഗാമിലെ സുരക്ഷാ വീഴ്ചയെക്കുറിച്ചും ഒവൈസി പ്രതികരിച്ചു. എന്തുകൊണ്ടാണ് ബൈസാരൻ പുൽമേട്ടിൽ സിആർപിഎഫിനെ വിന്യസിക്കാത്തത്. എന്തുകൊണ്ടാണ് ക്വിക്ക് റിയാക്ഷൻ ടീം അവിടെയെത്താൻ ഒരുമണിക്കൂറോളം എടുത്തത് തുടങ്ങിയ ചോദ്യങ്ങളും അദ്ദേഹം ഉന്നയിച്ചു.

വയനാട്ടിൽ ആനക്കലി തുടരുന്നു; ബത്തേരിയിൽ വീടും തോൽപ്പെട്ടിയിൽ കാറും തകർത്തു

കല്പറ്റ: വയനാട്ടിൽ കാട്ടാന ആക്രമണം തുടരുന്നു. തോൽപ്പെട്ടി ചെക്ക് പോസ്റ്റിന് സമീപം റോഡരികിൽ നിർത്തിയിട്ടിരുന്ന കാർ ഒരു കാട്ടാന തകർത്തു. തോൽപ്പെട്ടി സ്വദേശി ആലസംപാടാം സജീറിന്റെ കാറാണ് കാട്ടാന ചവിട്ടി തകർത്തത്. ഇതിനു പുറമെ, വയനാട് ബത്തേരി വള്ളുവാടിയിൽ ബെന്നിയുടെ വീടിന് നേരെയും പുലർച്ചെ രണ്ടരയോടെ കാട്ടാന ആക്രമണം ഉണ്ടായി. വീടിന് നാശനഷ്ടം വരുത്തുകയും കൃഷികൾ നശിപ്പിക്കുകയും ചെയ്തു.

കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട മേപ്പാടി എരുമക്കൊല്ലി പൂളക്കൊല്ലിയിലെ അറുമുഖന്റെ മൃതദേഹം ഇന്ന് സംസ്കരിക്കും. ബത്തേരി താലൂക്ക് ആശുപത്രിയിൽ നിന്ന് പോസ്റ്റുമോർട്ടത്തിനുശേഷം വൈകീട്ടടെയായിരിക്കും സംസ്കാരം. അതിനിടെ മുന്നോട്ട് വെച്ച ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ മൃതദേഹം സാംസ്കരിക്കാൻ അനുവദിക്കില്ലെന്നാണ് നാട്ടുകാരുടെ നിലപാട്. അറുമുഖനെ ആക്രമിച്ച ആനയെ നേരത്തെ 5പേരെ ആക്രമിച്ചിട്ടുണ്ടെന്നും മയക്കുവെടി വെച്ച് ആനയെ പിടികൂടണമെന്നുമാണ് നാട്ടുകാരുടെ ആവശ്യം.

'പഹൽഗാമിൽ ആക്രമണം നടത്തിയവർ തീവ്രവാദികളല്ല, സ്വാതന്ത്ര്യസമര സേനാനികൾ': വിശേഷണവുമായി പാകിസ്ഥാൻ

കറാച്ചി: പഹൽഗാമിൽ ആക്രമണം നടത്തിയത് തീവ്രവാദികൾ അല്ലെന്നും അവർ സ്വാതന്ത്ര്യസമര സേനാനികളാണെന്നുമുള്ള വിശേഷണവുമായി പാകിസ്ഥാൻ. ഉപപ്രധാനമന്ത്രിയും വിദേശകാര്യ മന്ത്രിയുമായ ഇഷാഖ് ദാർ ആണ് തീവ്രവാദികളെ സ്വാതന്ത്ര്യസമര സേനാനികളെന്ന് വാർത്താസമ്മേളനത്തിൽ വിശേഷിപ്പിച്ചത്. ആക്രമണത്തിൽ തങ്ങൾക്ക് പങ്കില്ലെന്ന് പാകിസ്ഥാൻ ആവർത്തിക്കുന്നതിനിടെയാണ് ദാറിന്റെ പരാമർശം എന്നതാണ് ഏറെ ശ്രദ്ധേയം.

പാകിസ്ഥാനെതിരെയുള്ള ഒരു കൈയേറ്റവും നടപടിയും അംഗീകരിക്കില്ലെന്നും ദാർ പറഞ്ഞു. സിന്ധു നദീജല കരാർ താൽക്കാലികമായി റദ്ദാക്കിയ നടപടിയെക്കുറിച്ചും ദാർ പ്രതികരിച്ചു. 'പാകിസ്ഥാനില

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

വ്യാജ റിക്രൂട്ടിംഗ് ഏജൻസികൾക്ക് എതിരെ കർശന നടപടി വേണം: അഡ്വ. ജോസഫ് ടാജറ്റ്

തൃശൂർ: രാജ്യത്തും സംസ്ഥാനത്തും അനധികൃതമായി പ്രവർത്തിക്കുന്ന വ്യാജ റിക്രൂട്ടിംഗ് ഏജൻസികൾക്ക് എതിരെ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് ഡി.സി.സി പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് പറഞ്ഞു.

തൃശൂർ ജില്ലക്കാരായ സന്ദീപിനെയും, ജെയിൻ കുരിയനെയും, ബിനിലിനെയും റഷ്യയിൽ ജോലി വാഗ്ദാനം ചെയ്ത് വഞ്ചിച്ച ചാലക്കുടിയിലെ റിക്രൂട്ടിംഗ് ഏജൻസിക്കെതിരെ കേസെടുക്കുകയും ഉടമകളായ സ്റ്റീറ്റിവ് എന്നറിയപ്പെടുന്ന സന്തോഷ് ആന്റണി,സന്ദീപ്, സിബിൻ എന്നിവരെ അറസ്റ്റ് ചെയ്ത് റിമാൻഡിലായിരുന്നെങ്കിലും തുടരന്വേഷണം വഴിമുട്ടി നിൽക്കുകയാണ്. അടിയന്തരമായി അന്വേഷണം പൂർത്തിയാക്കി കുറ്റക്കാർക്ക് ശിക്ഷ ഉറപ്പു വരുത്തണമെന്നും അതോടൊപ്പം റഷ്യയിൽ യുദ്ധത്തിനിടയിൽ മരണപ്പെട്ട ബിനിൽ ബാബുവിന്റെ മൃതദ്ദേഹം എത്രയും വേഗം നാട്ടിലെത്തിക്കാൻ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപടികൾ സ്വീകരിക്കണമെന്നും ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കാതെ നടന്ന് കഴിയുമ്പോൾ വിലപിക്കുന്ന സർക്കാരുകളുടെ രീതി പ്രതിഷേധാർഹമാണ്. രാജ്യത്തും സംസ്ഥാനത്തും തൊഴില്ലായ്മ പെരുകുന്നത് കൊണ്ടാണ് ഇത്തരം റിക്രൂട്ടിംഗ് ഏജൻസികളുടെ കെണിയിൽ വീണു പോകുന്നതെന്നും അഡ്വ. ജോസഫ് ടാജറ്റ് പറഞ്ഞു.

ചാലക്കുടിയിലെ റിക്രൂട്ടിംഗ് എജൻസിയുടെ കബളിപ്പിക്കലിൽ പെട്ട് റഷ്യയിൽ കുലിപ്പട്ടാളം അകപ്പെട്ട തൃശൂർ വടക്കാഞ്ചേരിയിലെ വീട്ടിൽ തിരിച്ചെത്തിയ ജെയിൻ കുരിയനെ ഡി.സി.സി. പ്രസിഡണ്ട് അഡ്വ. ജോസഫ് ടാജറ്റ് നേതൃത്വത്തിലുള്ള കോൺഗ്രസ് പ്രതിനിധി സംഘം സന്ദർശിച്ചു.

നേതാക്കളായ ജോസ് വള്ളൂർ, രാജേന്ദ്രൻ അരങ്ങത്ത്, സുനിൽ അന്തിക്കാട്, എൻ. ആർ സതീശൻ, പി.ജി ജയദീപ്, ജയ്സൺ മാസ്റ്റർ എന്നിവർ സംഘത്തിലുണ്ടായിരുന്നു.

സി.വി.ശ്രീരാമൻ സ്മാരകകഥ പുരസ്ക്കാരം തൃശൂരിൽ ആലങ്കോട് ലീലകൃഷ്ണൻ ഡേ: നീരജക്ക് സമ്മാനിക്കുന്നു

കേരള സിറ്റിസൺ ഫോറം ഇരിഞ്ഞാലക്കുട നിയോജകമണ്ഡലം സമ്മേളനം

ഇരിങ്ങാലക്കുട: കേരള സിറ്റിസൺ ഫോറത്തിന്റെ ഇരിഞ്ഞാലക്കുട നിയോജകമണ്ഡലം സമ്മേളനം സംസ്ഥാന വൈസ് പ്രസിഡന്റ് എ സി സുരേഷ് ഉദ്ഘാടനം ചെയ്തു.

സംസ്ഥാന സ്റ്റീയറിംഗ് കമ്മിറ്റിയംഗം കെ കെ ബാബു അധ്യക്ഷനായിരുന്നു. സംസ്ഥാന കമ്മിറ്റിയംഗമായി കെ എഫ് ജോസ്, ജില്ലാ കമ്മിറ്റിയംഗമായി അനിൽ നായർ, നിയോജകമണ്ഡലം പ്രസിഡണ്ടായി പി കെ സുബ്രഹ്മണ്യൻ, നിയോജകമണ്ഡലം സെക്രട്ടറിയായി സുനിത സജീവൻ എന്നിവരെ തിരഞ്ഞെടുത്തു. കെ പി കുര്യൻ, മോഹൻ ഇ ബി, മാർട്ടിൻ പി പോൾ എന്നിവർ പ്രസംഗിച്ചു.

പ്രസിഡന്റ്-പി കെ സുബ്രഹ്മണ്യൻ

സെക്രട്ടറി-സുനിത സജീവൻ

മതിലകം ബ്ലോക്കിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമാകുന്നു

തൃശൂർ: മതിലകം ബ്ലോക്ക് പഞ്ചായത്തിലെ പെരിഞ്ഞനം, മതിലകം, ശ്രീനാരായണപുരം എന്നീ പഞ്ചായത്തുകളിൽ ഏറെ നാളായി തുടരുന്ന കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരമാകുന്നു. നാട്ടിക ഫർക്ക കുടിവെള്ള പദ്ധതിയിൽ അഗസ്തേശ്വരം മുതൽ മതിലകം വരെയുള്ള പ്രദേശങ്ങളിൽ പുതിയ പൈപ്പ് സ്ഥാപിക്കാൻ 11,90,01,818 രൂപയുടെ ടെണ്ടർ അംഗീകരിച്ച് സർക്കാർ ഉത്തരവായി. ഇതോടെ 40 വർഷം പഴക്കമുള്ള കോൺക്രീറ്റ് പൈപ്പുകൾ മാറ്റി പകരം പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നത്തോടെ പൈപ്പ് പൊട്ടുന്നതിന്റെ ഭാഗമായി നിരന്തരമായി ഉണ്ടാകാറുള്ള റോഡ് തകർച്ചക്കും കുടിവെള്ളം പാഴാകുന്നതിനും ഇതുമൂലമുണ്ടാകുന്ന കുടിവെള്ള പ്രശ്നത്തിനും പരിഹാരമാകും.

പദ്ധതി പ്രകാരം 20 എം എൽഡി (മില്യൺ ലിറ്റർ പെർ ഡേ) ജലമാണ് വിതരണം ചെയ്യേണ്ടത്. എന്നാൽ പൈപ്പുകളുടെ കാലപ്പഴക്കം മൂലം നിലവിൽ 15 എംഎൽഡി യായി കുറയ്ക്കേണ്ടിവന്നതിനാൽ ആവശ്യത്തിന് വെള്ളം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതോടെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമാകുന്നതിനോടൊപ്പം 6322 പുതിയ കണക്ഷനുകൾ ജൽ ജീവൻ മിഷൻ വഴി നൽകാൻ സാധിക്കും.

കേരള വാട്ടർ അതോറിറ്റിയും കിഫ്ബിയും ചേർന്ന് നടപ്പിലാക്കുന്ന പൈപ്പ് മാറ്റി സ്ഥാപിക്കൽ പ്രവർത്തനങ്ങൾ 18 മാസം കൊണ്ട് പൂർത്തിയാക്കാൻ കഴിയും. ഇതോടെ കയ്പമംഗലം മണ്ഡലത്തിലെ കുടിവെള്ളപ്രശ്നത്തിന് പരിഹാരമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ഇ.ടി ടൈസൺ മാസ്റ്റർ എംഎൽഎ പറഞ്ഞു.

വനിതാ ജയിലിലെ തടവുകാർക്ക് ലൈഫ് സ്കിൽ ട്രെയിനിങ്ങും സോപ്പ് നിർമ്മാണ പരിശീലനവും സംഘടിപ്പിച്ചു

തൃശ്ശൂർ ജില്ലാ പ്രൊബേഷൻ ഓഫീസിന്റെ നേതൃത്വത്തിൽ വനിതാ ജയിലിൽ ലൈഫ് സ്കിൽ ട്രെയിനിങ്ങും സോപ്പ് നിർമ്മാണ പരിശീലനവും സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം ജയിൽ സൂപ്രണ്ട് ടി.ജെ ജയ നിർവ്വഹിച്ചു. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പ്രവർത്തകനായ ശിഖാമണി സോപ്പ് നിർമ്മാണ പരിശീലന ക്ലാസ് നയിച്ചു.

ജില്ലാ പ്രൊബേഷൻ ഓഫീസിൽ ഇന്റേൺഷിപ്പ് ചെയ്യുന്ന ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട എം എസ് ഡബ്ല്യു വിഭാഗം വിദ്യാർത്ഥിനികളായ എം.എ സഫ, ദീപ ജോസഫ് എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി. എംഎസ്ഡബ്ല്യു വിദ്യാർത്ഥിനികൾ ജീവിത നൈപുണ്യ പരിശീലന ക്ലാസ് നയിച്ചു.

തൃശ്ശൂർ ജില്ലാ പ്രൊബേഷൻ ഓഫീസർമാരായ കെ.ജി രാഗപ്രിയ, ആർ. രോഷ്നി, ജയിൽ വെൽഫെയർ ഓഫീസർ സാജി സൈമൺ, പ്രൊബേഷൻ അസിസ്റ്റന്റ് വി.ആർ ശിവകൃഷ്ണ തുടങ്ങിയവർ സന്നിഹിതരായിരുന്നു. ജയിലിലെ 50 വനിതാ തടവുകാർ പരിപാടിയിൽ പങ്കെടുത്തു.

ലോകപുസ്തക ദിനം അമലയിൽ



അമലനഗർ: അമല മെഡിക്കൽ കോളേജിൽ ലോക പുസ്തക-പകർപ്പവകാശ ദിനം സമുചിതമായി ആചരിച്ചു. 'ഹാരിസൺസ് പ്രൻസിപ്പിൽസ് ഓഫ് മെഡിസിൻ', 'ആടുജീവിതം' എന്നി പുസ്തകങ്ങൾ വായനയ്ക്കായി തുറന്നു വെച്ചു കൊണ്ട് വൈസ് പ്രിൻസിപ്പൽ ഡോ. ദീപ്തി രാമകൃഷ്ണൻ, ചീഫ് അഡ്മിനിസ്ട്രേവ് ഓഫീസർ ഡോ. ജോബി തോമാസ്, ജനറൽ മാനേജർ ബോർജിയോ ലൂയീസ്, വിദ്യാർത്ഥി പ്രതിനിധി നയനേന്ധു ആനന്ദ് എന്നിവർ ദിനാചരണം ഉൽഘാടനം ചെയ്തു.

ദിവംഗതനായ പോപ്പ് ഫ്രാൻസീസിനെ യോഗത്തിൽ അനുസ്മരിച്ചു. പ്രൊഫസറും ചീഫ് ലൈബ്രേറിയനുമായ ഡോ. എ.റ്റി. ഫ്രാൻസിസ്, പബ്ലിക് റിലേഷൻ ഓഫീസർ ജോസഫ് വർഗ്ഗീസ്, നഴ്സിങ് കോളേജ് വിദ്യാർത്ഥി സാന്റോ പി.ടി., ലൈബ്രേറിയന്മാരായ ലിറ്റി വി.ജെ, ദീപ സി.ജി. എന്നിവർ പ്രസംഗിച്ചു. ശ്യാമള കെ.ജി., വിൻസി പി. എഫ്., മനോജ് കുമാർ എന്നിവർ നേതൃത്വം നൽകി.

സ്റ്റേറ്റ് മാസ്റ്റേഴ്സ് ബാഡ്മിന്റൺ ലീഗ് മൽസരങ്ങൾ ആദ്യമായി ഇരിങ്ങാലക്കുടയിൽ

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട ക്രൈസ്റ്റ് അക്വാട്ടിക് ഷട്ടിൽ അക്കാദമി സംഘടിപ്പിക്കുന്ന കേരള സ്റ്റേറ്റ് മാസ്റ്റേഴ്സ് ലീഗ് മൽസരങ്ങൾ ഏപ്രിൽ 27 ന് ഷട്ടിൽ അക്കാദമിയിലും കാത്തലിക് സെന്ററിലുമായി നടക്കും. എഴ് ജില്ലകളിൽ നിന്നായി അന്തർ ദേശീയ കളിക്കാർ ഉൾപ്പെടെ 80 ഓളം താരങ്ങൾ ആറ് കോർട്ടുകളിലായി നടക്കുന്ന മൽസരങ്ങളിൽ പങ്കെടുക്കുമെന്ന് അക്കാദമി പ്രസിഡണ്ട് സ്റ്റാൻലി ലാസർ, സെക്രട്ടറി പീറ്റർ ജോസഫ്, കോർഡിനേറ്റർ ആൾജോ ജോസഫ് എന്നിവർ പത്ര സമ്മേളനത്തിൽ അറിയിച്ചു. എട്ട് ഫ്രാഞ്ചൈസികളാണ് കളിക്കാരെ ലേലത്തിലെടുത്ത് മൽസരങ്ങൾക്ക് സജ്ജമായി കൊണ്ടിരിക്കുകയാണെന്നും ഇരിങ്ങാലക്കുടയിൽ ആദ്യമായിട്ടാണ് സ്റ്റേറ്റ് മാസ്റ്റേഴ്സ് ബാഡ്മിന്റൻ ലീഗ് മൽസരങ്ങൾ നടക്കുന്നതെന്നും അക്കാദമി ഭാരവാഹികൾ അറിയിച്ചു. മൂന്ന് വിഭാഗങ്ങളിലായി നടക്കുന്ന മൽസരങ്ങൾ സി ഐ എം എസ് ഷാജൻ ഉദ്ഘാടനം ചെയ്യും.

ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം

തൃശൂർ: ചാവക്കാട് പുത്തൻകടപ്പുറം ഗവ. റീജിയണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ 2025-26 അധ്യയന വർഷത്തെ 8, 9, 10 ക്ലാസുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. ഫിഷറീസ് വകുപ്പ് നേരിട്ട് നടത്തുന്ന റസിഡൻഷ്യൽ സ്കൂളിൽ അംഗീകൃത മത്സ്യതൊഴിലാളികളുടെ മക്കൾക്ക് (ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും) പ്രവേശനം നേടാം. ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളിൽ മറ്റു വിദ്യാലയങ്ങളിൽ നിന്നും വ്യത്യസ്തമായി സാധാരണ വിഷയങ്ങൾക്കൊപ്പം ഫിഷറീസ് സയൻസുമായി ബന്ധപ്പെട്ട പുത്തൻ സാങ്കേതികവിദ്യകളിലും പരിശീലനം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് ഇ-മെയിൽ: grfthsfish@yahoo.com, ഫോൺ: 9656733066, 0487 2501965.

മെഴുകുതിരി തെളിച്ച് ദുഃഖത്തിൽ പങ്കുചേരുന്നു

തൃശൂർ: ആം ആദ്മി പാർട്ടി തൃശൂർ ഒല്ലൂർ മണ്ഡലങ്ങളുടെ നേതൃത്വത്തിൽ കോർപ്പറേഷൻ പരിസരത്തു വച്ച് പഹൽഗാമിലെ ബൈസരൻ താഴ്വരയിൽ വിനോദസഞ്ചാരികൾക്ക് നേരെ ഉണ്ടായ ഭീകരാക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് വേണ്ടി, നമ്മുടെ നാടിനോടൊപ്പം നിന്നു കൊണ്ട്, ഇന്ന് വ്യാഴാഴ്ച വൈകിട്ട് 6:00ന് മെഴുകുതിരി തെളിച്ച് ദുഃഖത്തിൽ പങ്കുചേരുന്നു.

ഇല്ല ഞങ്ങൾ പിന്നോട്ടില്ല

ഇരിഞ്ഞാലക്കുട: റെയിൽവേ സ്റ്റേഷൻ വികസന സമിതി സമ്മരാഗ്നി കൂടുതൽ മേഖലകളിലേക്കു വ്യാപിക്കുന്നു. സമ്മരാഗ്നി നാൽപതാം നാൾ വല്ലകുന്നിൽ നടന്നു. ഡോക്ടർ മാർട്ടിൻ പറപ്പിള്ളി ഉദ്ഘാടനം ചെയ്തു.

സമിതി പ്രസിഡന്റ് വർഗീസ് പന്തല്ലുക്കാരൻ നേതൃത്വം നൽകി. സോമൻ സാരദാലയം, കുമാരൻ കൊട്ടാരത്തിൽ, ജോസ് കുഴിവേലി, ശശി സാരദാലയം എന്നിവർ പങ്കെടുത്തു. കെ. കെ. ബാബു സ്വാഗതവും ഉണ്ണികൃഷ്ണൻ പുതുവീട്ടിൽ നന്ദിയും പറഞ്ഞു

ബസ്സ്റ്റാന്റ് റോഡ് ഗതാഗതയോഗ്യമാക്കണം: ഷാജൻ മഞ്ഞളി

ഇരിങ്ങാലക്കുട: എല്ലാവർഷവും ടാറിങ് തകർന്ന് ഗതാഗതയോഗ്യമല്ലാതാകുന്ന വയൽ നികത്തി നിർമ്മിച്ച ഇരിഞ്ഞാലക്കുട പ്രൈവറ്റ് ബസ്റ്റാൻഡ് എ കെ പി ജംഗ്ഷൻ റോഡ് ഫുട്പാത്തും ഡ്രൈനേജും നിർമിച്ച് ശാസ്ത്രീയമായ രീതിയിൽ നവീകരിച്ച് ഗതാഗതയോഗ്യമാക്കണമെന്ന് രാഷ്ട്രീയ ജനതാദൾ ആർ ജെ ഡി ജില്ലാ ജനറൽ സെക്രട്ടറി അഡ്വക്കേറ്റ് ഷാജൻ മഞ്ഞളി ആവശ്യപ്പെട്ടു.

ടെണ്ടർ ക്ഷണിച്ചു

തൃശൂർ: പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിൽ ചാലക്കുടിയിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിലെ വിദ്യാർത്ഥികൾക്ക് 2025-26 അധ്യയനവർഷം യൂണിഫോം വിതരണം ചെയ്യുന്നതിന് താൽപര്യമുള്ള വ്യക്തികളിൽ നിന്നോ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ മുദ്രവെച്ച ടെണ്ടർ ക്ഷണിച്ചു. 4,67,350 രൂപയാണ് അടങ്കൽ തുക. മെയ് 16 നു ഉച്ചയ്ക്ക് ഒരു മണിക്ക് മുൻപായി ടെണ്ടറുകൾ സീനിയർ സൂപ്രണ്ട്, മോഡൽ റെസിഡൻഷ്യൽ സ്കൂൾ, ചാലക്കുടി, നായരങ്ങാടി എന്ന വിലാസത്തിൽ ലഭിക്കണം. മെയ് 16 നു ഉച്ചയ്ക്ക് രണ്ടിന് ടെണ്ടർ തുറക്കും. ഫോൺ: 9207098160.

സമസ്ത കേരള സുന്നീ യുവജന സംഘം (SYS) 72-ാം സ്ഥാപക ദിനത്തോടനുബന്ധിച് കൂർക്കഞ്ചേരി സാന്ത്വനം ഓഫീസിൽ SYS ഭാരവാഹികൾ കൊടി ഉയർത്തുന്നു

ലേലം

തൃശൂർ: കോടതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി അകതിയൂർ വില്ലേജ് റീ സർവ്വേ 173/52 ൽപ്പെട്ട 0.0122 ഹെക്ടർ സ്ഥലം മെയ് 23 ന് രാവിലെ 11 ന് പോർക്കുളം വില്ലേജ് ഓഫീസിൽ കുന്നംകുളം തഹസിൽദാരേ, തഹസിൽദാർ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥരോ ലേലം ചെയ്യും. കൂടുതൽ വിവരങ്ങൾക്കായി ഫോൺ: 04885 225700.

വാർത്താച്ചുരുക്കം

* സി. എം.എ, സി.എ;എസി സി എ - കോഴ്സുകളിൽ ഉന്നത വിജയം നേടിയ ആയിരത്തിൽ പരം വിദ്യാർത്ഥികളെ അനുമോദിക്കുന്നു. 28ന് കാലത്ത്10 മണിക്ക് തൃശൂർ നന്ദനം ഓഡിറ്റോറിയത്തിലാണ് സമ്മേളനം. പ്രോഫിൻ തൃശൂർ ചാപ്റ്ററാണ് സംഘാടകർ
* കേരള ഹിസ്റ്ററി കോൺഗ്രസ് സുവർണ്ണജൂബിലി അവാർഡ് സമർപ്പണ സമ്മേളനം മെയ് 16 ന് തൃശൂർ സെന്റ് തോമാസ് കോളേജ് ഹാളിൽ നടക്കും.
* ആൾ കേരള ബസ് ഓപ്പറേറ്റേഴ്സ് ഓർഗനൈസേഷൻ 25-ാം സംസ്ഥാന സമ്മേളനം - 25, 26 തീയതികളിൽ തൃശൂർ ശ്രീ ശങ്കര ഹാളിൽ നടക്കും
* ലഹരി വിരുദ്ധ സന്ദേശവുമായി 26ന് വൈകീട്ട് കുരിയച്ചിറയിൽ മനുഷ്യചങ്ങല തീർക്കും. ലഹരി വിരുദ്ധ കൂട്ടായ്മയാണ് സംഘാടകർ.
* തൃശൂർ ചെമ്പൂക്കാവ് പലവകയിൽ - 27, 28 തീയതികളിൽ കുട്ടികളുടെ ചിത്ര പഠന ക്യാമ്പ് നടക്കും.

കെ എ സി എ തൃശൂർ യൂണിറ്റ് മെഡിക്കൽ ക്യാമ്പ് നടത്തി

തൃശൂർ: സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി കേരള അഡ്വക്കേറ്റ് ക്ലർക്ക്സ് അസോസിയേഷൻ തൃശൂർ യൂണിറ്റും ആയുഷ്മാൻ ആരോഗ്യമന്ദിർ അർബൻ ഹെൽത്ത് ആൻഡ് വെൽനസ് സെന്റർ അയ്യന്തോളും സംയുക്തമായി അഡ്വക്കേറ്റ് ക്ലാർക്ക് അസോസിയേഷൻ തൃശൂർ യൂണിറ്റിൽ മെഡിക്കൽ ക്യാമ്പ് നടത്തി. സംസ്ഥാന സെക്രട്ടറി പി.വി. സന്തോഷ് ഉദ്ഘാടനം ചെയ്തു പ്രസിഡണ്ട് പി കെ പ്രദീപ്കുമാർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി പിസി സൂരജൻ സ്വാഗതം പറഞ്ഞു.

അയ്യന്തോൾ കൗൺസിലർ പ്രസാദ് ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ഡോക്ടർ ഐറിൻ സംഘടനയുടെ സീനിയർ മെമ്പർ വി ശങ്കരൻകുട്ടി മേനോൻ, നിയുക്ത സംസ്ഥാന എക്സിക്യൂട്ടീവ് മെമ്പർ ഉഷ ജോർജ്, ജില്ലാ വൈസ് പ്രസിഡന്റ് പി എൽ ഷാജു, ട്രഷറർ വി.കെ. സുരേഷ് വൈസ് പ്രസിഡന്റ് മാരായ എ.എം അഭിലാഷ്, വി ടി ജോയി, ജോ.സെക്രട്ടറിമാരായ ശശികല ഉണ്ണികൃഷ്ണൻ, വാസുദേവൻ@ ഗോപു, മെമ്പർമാരായ ശരണ്യ എം ബി കെ. എൻ. രമേശ്, കെ ജി പ്രബീഷ് സംസ്ഥാന കൗൺസിൽ മെമ്പർമാരായ മാർട്ടിൻ പി എ, ലിപിൻ. കെ ജി, എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി, യൂണിറ്റ് കമ്മറ്റി മെമ്പർ പി ജി സുധീർ നന്ദി രേഖപെടുത്തി.

എൻ.സി.പി ജില്ലാ പ്രസിഡണ്ട് മോളി ഫ്രാൻസിസ് കോൺഗ്രസിലേക്ക്

തൃശൂർ: മുൻ ഡിസിസി പ്രസിഡണ്ടും, മുൻ എംഎൽഎയും സർവ്വോപരി കോൺഗ്രസിന്റെ പ്രമുഖ നേതാവുമായിരുന്ന പി.ആർ. ഫ്രാൻസിന്റെ മകൾ മോളി ഫ്രാൻസിസ് എൻ.സി.പി.യുടെ ജില്ലാ പ്രസിഡന്റ് സ്ഥാനം രാജിവെച്ച് മാതൃസംഘടനയിലേക്ക് മടങ്ങി വരാൻ താൽപര്യം പ്രകടിപ്പിച്ചതിനാൽ ജില്ലാ കോൺഗ്രസ് കമ്മിറ്റി അവരെ സ്വാഗതം ചെയ്യുന്നു. ഏപ്രിൽ 30 ന് ഡി. സി. സി നേതൃത്വ യോഗത്തിൽ വെച്ച് പാർട്ടി അംഗത്വം നൽകും.

കഴിഞ്ഞ കാലങ്ങളിൽ പല അഭിപ്രായ വ്യത്യാസങ്ങളുടെ പേരിൽ പാർട്ടിയിൽ നിന്ന് വിട്ട് പോയവരെ തിരിച്ചെത്തിക്കുന്നതിന്റെ ഭാഗമായാണ് ഞങ്ങളുടെ പ്രിയ നേതാവ് പി.ആർ. ഫ്രാൻസിസിന്റെ ജന്മശതാബ്ദി വർഷത്തിൽ അദ്ദേഹത്തിന്റെ മകളെ തിരിച്ചു കൊണ്ടുവരുന്നതിന് പാർട്ടി നേതൃത്വം മുൻകൈയ്യെടുത്തത്.

ആരെയും ഒഴിവാക്കൽ അല്ല എല്ലാവരെയും ചേർത്തു നിർത്തലാണ് പാർട്ടി മുന്നോട്ടുവയ്ക്കുന്ന ആശയം..കേന്ദ്രത്തിൽ ബിജെപി സർക്കാരിന്റെയും കേരളത്തിൽ ഇടതുപക്ഷ സർക്കാരിന്റെയും ജനദ്രോഹ നടപടികളിൽ പൊറുതിമുട്ടിയിരിക്കുന്ന ജനങ്ങൾ കോൺഗ്രസിന്റെ തിരിച്ചുവരവ് ആഗ്രഹിക്കുന്നു. അതിന് പാർട്ടിയിലേക്ക് വിട്ടുപോയവരെ തിരികെ കൊണ്ടുവരുക എന്നുള്ളതാണ് ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ ലക്ഷ്യം.

ജൂബിലി സ്വാഗത സംഘം യോഗം ഇന്ന്

തൃശൂർ: കേരള ഹിസ്റ്ററി കോൺഗ്രസ്സിന്റെ സുവർണ്ണ ജൂബിലി സ്വാഗത സംഘം രൂപീകരണ യോഗം 25 ന് വെള്ളി ഉച്ചകഴിഞ്ഞ് 3 മണിക്ക് ചെമ്പുക്കാവ് ചേതന നാട്യ അക്കാദമി ഹാളിൽ കൂടുന്നതാണ്.

കേബിൾ ടിവി, പ്രോഗ്രാം ലഭിക്കാത്ത അവസ്ഥ; കണക്ഷൻ നൽകുവാനും 15000 രൂപയും പലിശയും നൽകുവാനും വിധി

തൃശൂർ: കേബിൾ ടിവി കണക്ഷനെടുത്ത് പ്രോഗ്രാം ലഭിക്കാതിരുന്നതിനെ ചോദ്യം ചെയ്തു് ഫയലാക്കിയ ഹർജിയിൽ പരാതിക്കാരന് അനുകൂല വിധി. തൃശൂർ എടത്തിരുഞ്ഞിയിലുള്ള പ്രദീപ് വി.പി. ഫയൽ ചെയ്ത ഹർജിയിലാണ് എടത്തിരുഞ്ഞിയിലുള്ള ഒ ഡേസ്സ എന്റർടെയ്ൻമെന്റ് നെറ്റ് വർക്ക് ഉടമ, കാട്ടൂർ ഡാറ്റാ കമ്മ്യൂണിക്കേഷൻ ഉടമ എന്നിവർക്കെതിരെ ഇപ്രകാരം വിധിയായത്. പ്രദീപ് കേബിൾ ടിവിയുടെ ചാർജ് കൃത്യമായി അടച്ചു വന്നിരുന്നു. എന്നാൽ പ്രോഗ്രാം ലഭിക്കാത്ത അവസ്ഥ വന്നു ചേരുകയായിരുന്നു.പരാതിപ്പെട്ടിട്ടും പരിഹാരമുണ്ടായില്ല.

അവസാനം പരാതിപ്പെടുമ്പോൾ പരിഹസിക്കപ്പെടുന്ന അവസ്ഥയായിരുന്നു. കേബിൾ ടിവി പ്രോഗ്രാമുകൾ ലഭിക്കാതിരുന്നതു് കുട്ടികളുടെ വിദ്യാഭ്യാസത്തിനും കുടുംബാംഗങ്ങളുടെ വിനോദത്തിനും ഭംഗം വരുത്തി.

തുടർന്ന് ഹർജി ഫയൽ ചെയ്യുകയായിരുന്നു. എതിർകക്ഷികളുടെ പ്രവൃത്തി സേവനത്തിലെ വീഴ്ചയാണെന്ന് കോടതി വിലയിരുത്തി.

തെളിവുകൾ പരിഗണിച്ച പ്രസിഡണ്ട് സി.ടി.സാബു മെമ്പർമാരായ ശ്രീജ.എസ്, ആർ.റാം മോഹൻ എന്നിവരടങ്ങിയ തൃശൂർ ഉപഭോക്തൃകോടതി ഹർജിക്കാരന് നഷ്ടപരിഹാരമായി 10,000/ രൂപയും ചിലവിലേക്ക് 5,000/ രൂപയും ഹർജി തിയ്യതി മുതൽ 4% പലിശയും നൽകുവാനും കണക്ഷൻ പുനസ്ഥാപിച്ചു നൽകുവാനും വിധി പുറപ്പെടുവിക്കുകയായിരുന്നു. ഏതെങ്കിലും കാരണത്താൽ കണക്ഷൻ പുനസ്ഥാപിച്ചു നൽകാൻ സാധിക്കാത്ത സാഹചര്യത്തിൽ കൂടുതലായി 5,000/ രൂപ നഷ്ടം നൽകുവാനും വിധിയിൽ പറയുന്നു.ഹർജിക്കാരന് വേണ്ടി അഡ്വ. ഏ.ഡി.ബെന്നി ഹാജരായി വാദം നടത്തി.

നിര്യാതനായി

കലാമണ്ഡലം നാരായണൻനമ്പായർ

എരുമപ്പെട്ടി: സൗപർണ്ണികയിൽ സുപ്രസിദ്ധ കഥകളി മദ്ദള ആചാര്യൻ കലാമണ്ഡലം നാരായണൻ നായർ (79) അന്തരിച്ചു. സംസ്ക്കാരം ഇന്ന് ഉച്ചതിരിഞ്ഞ് 3.30 ക്ക് വീട്ടുവളപ്പിൽ

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003

ACP No. 67/2025

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567
-Petitioner

1. Mrs. Sandhya G, aged 46 years, W/o Mr. Ravi, Thaliparambil House, Alangad, Karumallur P.O., Eranakulam Dt., Kerala-683 511
2. Mr. Ravi T A, aged 57 years, S/o Mr. Ayyappan, Thaliparambil House, Alangad, Karumallur P.O., Eranakulam Dt., Kerala-683 511.
- Respondents

The above numbered case is posted to **02.05.2025** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer

COURT NOTICE

BEFORE THE HON'BLE ARBITRATION TRIBUNAL
SRI O. V. RAJEEV ADVOCATE, ORAYAMPURATH HOUSE,
AYYANTHOLE SOUTH, NEAR NEW COURT COMPLEX
THRISSUR - 680003

ACP No. 09/2025

Maben Nidhi Ltd.,No: IV/709B,1st Floor, JP Mart, Near High School Jn., Valappad.P.O., Thrissur-680 567
-Petitioner

1. Mrs. Soumya K S W/o. K Soman, Sundar Bhavan, Vayalar P O , Vayalar, Alleppey District. Kerala PIN-688536
2. Mr. Dipi Shyjan S/o. KN Parameswaran,Kareethara Nikarthil (H) ,Vayalar, Kalavamkodam P.O, Alleppey District, Kerala, PIN – 688524
3. Mr. Rajeev, S/o.Ramanan, Puthuvalveli (H), Mannanchery, Ponnad P.O, Alleppey District,Kerala, PIN – 688538.
- Respondents

The above numbered case is posted to **02.05.2025** for hearing and appearance of the Respondents.If the respondents have any objection in the matter can appear before the Hon'ble Arbitrator at 2 P.M on the same day. Otherwise the Arbitrator will pass an exparte award.

For petitioner, Legal Officer

COURT NOTICE

**BEF